മാർക്കറ്റ്

300.37 ↓	സെൻസെക്സ്	35474.51
107.2 ↓	നിഫ്റ്റി	10656.20

സ്വർണം

പവൻ (8ഗ്രാം)	22,920
ഒരു ഗ്രാം	2865

റിസർവ് ബാങ്കിന്റെ പണത്തിൽ തൊടാൻ കേന്ദ്രത്തിനാവില്ല

■ ഇ.സി.എഫ് പാനൽ പരിഗണിക്കുക ഭാവിയിലെ കരുതൽ ധനശേഖര കൈമാറ്റം മാത്രം

കൊച്ചി: റിസർവ് ബാങ്കിന്റെ കരുതൽ ധനശേഖര വിനിയോഗം (എക്കണോമിക് കാപ്പിറ്റൽ ഫ്രെയിംവർക്ക്-ഇ.സി.എഫ്) സംബന്ധിച്ച് പഠിക്കാൻ പ്രത്യേക പാനലിനെ നിയോഗിക്കുമെങ്കിലും, നിലവിലെ കരുതൽ ധനശേഖരത്തിൽ കൈയിടാൻ കേന്ദ്രസർക്കാരിനാവില്ല.

9.59 ലക്ഷം കോടി രൂപയുടെ കരുതൽ ധനശേഖരം ഇപ്പോൾ റിസർവ് ബാങ്കിനുണ്ട്. പാനലിന്റെ പരിഗണനാ വിഷയത്തിൽ ഈ ശേഖരം വരില്ല. റിസർവ് ബാങ്ക് ഭാവിയിൽ സ്വരൂപിക്കുന്ന കരുതൽ ധനം എങ്ങനെ വിനിയോഗിക്കും എന്നതാണ് പാനലിന്റെ വിഷയം.

നിലവിലെ കരുതൽ ധനശേഖരം കേന്ദ്രസർക്കാരിന് കൈമാറ്റുന്നതിനോട് റിസർവ് ബാങ്ക് യോജിക്കുന്നില്ല. ഇക്കാര്യത്തിൽ റിസർവ് ബാങ്കുമായി തർക്കത്തിനില്ലെന്ന് കേന്ദ്രവും വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ റിസർവ് ബാങ്കിന്റെ മൊത്തം ആസ്തിയുടെ 28 ശതമാനമാണ് കരുതൽ ധന ശേഖരം. ആഗോളതലത്തിൽ കേന്ദ്രബാങ്കുകളുടെ കരുതൽ ധനശേഖരം ശരാശരി 16 ശതമാനമാണ്. റിസർവ് ബാങ്കിന്റെ ശേഖരവും ഇതേനിരക്കിൽ നിയന്ത്രിക്കണമെന്നാണ് കേന്ദ്രത്തിന്റെ ആവശ്യം. ഇക്കാര്യമാകും പാനൽ പരിശോധിക്കുക.

കഴിഞ്ഞ വർഷത്തെ സാമ്പത്തിക സർവേയിൽ അന്നത്തെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായിരുന്ന അരവിന്ദ് സുബ്രഹ്മണ്യനാണ് റിസർവ് ബാങ്കിന്റെ കരുതൽ ധന ശേഖരം ആഗോള ശരാശരിയേക്കാൾ കൂടുതലാണെന്നും അധികമുള്ള പണം സർക്കാരിന് കൈമാറ്റുന്നത് ഗുണം ചെയ്യുമെന്നും അഭിപ്രായപ്പെട്ടത്.

₹22,000 കോടി ഉടൻ വിപണിയിലേക്ക്

പൊതു വിപണിയിൽ പണലഭ്യത കൂട്ടാനായി റിവർവ് ബാങ്ക് 22,000 കോടി രൂപ ലഭ്യമാക്കും. നാളെ സർക്കാർ കടപത്രങ്ങൾ വാങ്ങിക്കൂട്ടിയാണ് ഈ പണം പൊതുവിപണിയിലിറക്കുക. ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ നേരിടുന്ന മൂലധന പ്രതിസന്ധി ഇതുവഴി തത്കാലത്തേക്ക് മറികടക്കാനാകുമെന്നാണ് റിസർവ് ബാങ്കിന്റെ വിലയിരുത്തൽ.

സി.എ.ആർ: കാലാവധി നീട്ടും; വായ്പാലഭ്യത ഉയരും

ബാങ്കുകളുടെ മൂലധന പര്യാപ്തതാ അനുപാതം (സി.എ.ആർ) ഒമ്പത് ശതമാനത്തിൽ നിന്ന് എട്ടു ശതമാനമായി കുറയ്ക്കണമെന്ന സർക്കാരിന്റെ ആവശ്യം റിസർവ് ബാങ്ക് പിന്നീട് പരിഗണിക്കും. സി.എ.ആർ 2019 മാർച്ച് 31 നകം കൈവരിക്കണമെന്നായിരുന്നു ബാങ്കുകൾക്ക് നൽകിയ ആദ്യ നിർദേശം.

ഇത്, 2020 മാർച്ചിലേക്ക് നീട്ടിയിട്ടുണ്ട്. അടുത്ത വർഷത്തിനകം രണ്ടര ലക്ഷം കോടി രൂപ മുതൽ മൂന്നു ലക്ഷം കോടി രൂപവരെ അധിക വായ്പ അനുവദിക്കാൻ ബാങ്കുകൾക്ക് ഇതു സഹായകമാകും.

₹2.5 ലക്ഷം കോടി

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കേന്ദ്ര സർക്കാരിന് റിസർവ് ബാങ്ക് കൈമാറിയ തുക 2.5 ലക്ഷം കോടി രൂപ. ഇക്കാലയളവിലെ റിസർവ് ബാങ്കിന്റെ മൊത്തം വരുമാനത്തിന്റെ 75 ശതമാനമാണിത്.

കരുതൽ ധന ശേഖരം

റിസർവ് ബാങ്കിന്റെ കൈവശമുള്ള മൊത്തം കരുതൽ ധനശേഖരം 9.59 ലക്ഷം കോടി രൂപ. ഇതിൽ 6.91 ലക്ഷം കോടി രൂപ സ്വർണ ശേഖരമാണ്. ഭാവിയിലെ അപ്രതീക്ഷിത ചെലവുകൾക്കായി 2.32 ലക്ഷം കോടി രൂപ മാറ്റിവച്ചിരിക്കുന്നു. 22,811 കോടി രൂപ ആസ്തി വികസന ഫണ്ടായും 13,285 കോടി രൂപ ഇൻവെസ്റ്റ്മെന്റ് റിവാല്യുവേഷൻ അക്കൗണ്ടിലും സൂക്ഷിച്ചിരിക്കുന്നു.

പാൻ കാർഡിനുള്ള അപേക്ഷയിൽ അച്ഛന്റെ പേര് നിർബന്ധമല്ല

ന്യൂഡൽഹി: പെർമനന്റ് അക്കൗണ്ട് നമ്പർ (പാൻ) കാർഡിനായി അപേക്ഷിക്കുമ്പോൾ അച്ഛന്റെ പേര് നിർബന്ധമാണെന്ന ചട്ടം സെൻട്രൽ ബോർഡ് ഒഫ് ഡയറക്ട് ടാക്സസ് (സി.ബി.ഡി.ടി) ഒഴിവാക്കി.

അമ്മ, 'സിംഗിൾ പാരന്റ്' ആയിട്ടുള്ളവർക്ക് പാൻ കാർഡ് നേടാൻ ബുദ്ധിമുട്ടുണ്ടായിരുന്ന ചട്ടമാണ് ഒഴിവാക്കിയത്. പുതിയ ചട്ടം ഡിസംബർ അഞ്ചിന് പ്രാബല്യത്തിൽ വരും. തുടർന്ന്, പാൻ കാർഡിനായുള്ള അപേക്ഷയിൽ അപേക്ഷകർക്ക് അച്ഛന്റെയോ അമ്മയുടെയോ പേര് ഉപയോഗിക്കാം.

പ്രതി സാമ്പത്തിക വർഷം രണ്ടര ലക്ഷം രൂപയോ അതിനു മുകളിലോ സാമ്പത്തിക ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ നിർബന്ധമായും പാൻ കാർഡ് നേടണമെന്നും സി.ബി.ഡി.ടി വ്യക്തമാക്കിയിട്ടുണ്ട്. മേയ് 31 നകം ഇതിനായുള്ള അപേക്ഷ സമർപ്പിക്കണം. പണമിടപാടുകൾ കൃത്യമായി നിരീക്ഷിക്കാനും നികുതി വെട്ടിപ്പ് കണ്ടെത്താനും ആദായ നികുതി വകുപ്പിന് സഹായകമാകുമെന്ന് വിലയിരുത്തിയാണ് ഈ നിർദേശം.

ഹോർമിസ് സ്മാരക ഫൗണ്ടേഷൻ സ്കോളർഷിപ്പിലേക്ക് അപേക്ഷിക്കാം

FEDERAL BANK
YOUR PERFECT BANKING PARTNER

കൊച്ചി: ഫെഡറൽ ബാങ്ക് ഹോർമിസ് സ്മാരക ഫൗണ്ടേഷൻ സ്കോളർഷിപ്പിനായി 2018-19 അദ്ധ്യയന വർഷത്തേക്കുള്ള അപേക്ഷ ക്ഷണിച്ചു. കേരളം, തമിഴ്നാട്, ഗുജറാത്ത്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ എം.ബി.ബി.എസ്., എൻജിനിയറിംഗ്, ബി.എസ്സി നഴ്സിംഗ്, ബി.എസ്സി അഗ്രികൾച്ചർ, കാർഷിക സർവകലാശാലകൾ നടത്തുന്ന അഗ്രികൾച്ചറൽ സയൻസ് ഉൾപ്പെടെയുള്ള ബി.എസ്സി (ഹോണേഴ്സ്) കോ-ഓപറേഷൻ ആൻഡ് ബാങ്കിംഗ്, എം.ബി.എ വിദ്യാർത്ഥികളാണ് അപേക്ഷിക്കേണ്ടത്.

അപേക്ഷകർ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയവരും മുന്നുലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനം ഉള്ളവരും ആയിരിക്കണം. വിശദ വിവരങ്ങൾക്കും അപേക്ഷ ഫോമിനുhttps://www.federalbank.co.in/scholarshipsസന്ദർശിക്കണം. പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം ഡിസംബർ 31 നകം സമീപത്തെ ഫെഡറൽ ബാങ്ക് ശാഖയിൽ സമർപ്പിക്കണം.

ഇസാഫ് ബാങ്കിന് ₹24 കോടി അർദ്ധ വാർഷിക ലാഭം

കൊച്ചി: നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് 24.06 കോടി രൂപയുടെ ലാഭം രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തെ സമാന കാലയളവിൽ ബാങ്ക് 48.99 കോടി രൂപയുടെ നഷ്ടമാണ് കുറിച്ചത്.

മൊത്തം നിക്ഷേപം 192 ശതമാനം ഉയർന്ന് 3,051.20 കോടി രൂപയിലെത്തി. 2017 ലെ ആദ്യ പകുതിയിൽ ഇത് 1,043.47 കോടി രൂപയായിരുന്നു.

അറ്റപലിശ വരുമാനം 91.72 കോടി രൂപയിൽ നിന്ന് 257.83 കോടി രൂപയായി. പ്രവർത്തനേതര വരുമാനം 44.23 കോടി രൂപയിൽ നിന്നുയർന്ന് 60.60 രൂപയിലെത്തി. വായ്പകൾ 2,344.51 കോടി രൂപയിൽ നിന്നുയർന്ന് 3,993.45 കോടി രൂപയുമായി നിക്ഷേപിക്കേണ്ടതുണ്ട്. അറ്റ നിഷ്ക്രിയ ആസ്തി 4.99 ശതമാനത്തിൽ നിന്ന് 0.49 ശതമാനമായി താഴ്ന്നത് ബാങ്കിന് നേട്ടമായി. മൊത്തം നിഷ്ക്രിയ ആസ്തി 6.85 ശതമാനത്തിൽ നിന്ന് 3.37 ശതമാനത്തിലേക്കും താഴ്ന്നു. ഇസാഫ് ബാങ്കിന് 11 സംസ്ഥാനങ്ങളിലായി 422 ശാഖകളും 25 ലക്ഷം ഉപഭോക്താക്കളുമുണ്ട്. 195 എ.ടി.എമ്മുകളും പ്രവർത്തിക്കുന്നു.

SCRIP	BSE	NSE
ABB	1339.600	1342.700
ACC	1470.100	1469.950
AKSHOPTICAL	26.200	26.100
AMARAJA	727.100	725.900
ANDHRA BANK	28.450	28.600
APPOLOHOS	1193.100	1192.800
ARVINDMILL	318.650	318.650
ASHOKLEY	107.300	107.650
ASIANPNT	1306.600	1306.850
AXISBANK	612.850	612.650
BAJAJAUTO	2664.100	2666.500
BALAJITELE	98.200	98.750
BANKOFBARODA	110.400	110.200
BATAIND	983.950	984.850
BEML	755.400	755.950
BFLSOFT	925.200	930.400
BHARTI	331.750	331.950
BHARTI SHIPYARD	3.510	3.400
BIOCON	613.800	612.500
BOI	85.800	85.850
BOMBDYE	109.000	109.000
BPCL	322.600	322.900
BPL	41.000	41.050
BRITANNIA	5885.250	5888.700
BSES	355.800	356.400
CANARABANK	256.350	256.850
CEAT	1245.250	1244.500
CENTURY TEXT	898.300	898.500
CHENNAIPETRO	261.850	262.100
CIPLA	521.300	520.700
COLGATE	1156.850	1157.950
CORPBNK	27.500	27.500
CRANESOFT	1.380	0.000
CREATIVEYE	2.750	0.000
CROMPGREV	37.950	37.950
D-LINK	92.600	91.300
DABUR	394.450	394.100
DENABANK	16.550	16.550
DIVIS LAB	1532.250	1534.300
DRREDDY	2450.250	2443.150
DWARKESH SUGAR	25.300	25.250
EIHOTEL	168.150	168.250
ENGGINDIA	116.950	116.750
ESCORTS	659.700	659.650
Excel Infoways Ltd	4.000	4.050
FINLXCABLE	471.350	471.600
GAIL	344.350	344.050
GARDEN SILK	20.500	20.550
GESHIPP	287.500	286.450
GLAXO	1356.100	1355.500
GLENMARK	635.950	635.400
GLOBALTELE	6.020	6.000
Globus Spirits Ltd	149.600	149.050
GNFC	343.850	343.100
GODREJS	710.100	708.200
GRASIM	840.050	837.950
GUJAMBCEM	215.100	215.000
HCLINFO	26.350	26.300
HDFC	1877.050	1876.800
HDFCBNK	2015.250	2012.450
HEROHONDA	2958.350	2960.100
HINDALCO	222.400	221.950
HINDLEVER	1693.550	1694.000
HINDMOT	7.860	7.850
HINDUJAFUN	405.500	407.950
HMCHLFUT	19.250	19.200
HOTLLEELA	11.510	11.500
HPCL	243.350	243.250
HUGHSTELE	4.100	4.150
I-FLEX	3445.900	3440.400
ICICIBANK	358.000	357.900
IDBI	60.250	60.250
INDHOTEL	134.300	134.750
INFOSYS	641.100	641.400
INFOTECH ENT	637.950	640.600
IOB	14.550	14.600
IOC	139.100	139.050
ITC	283.600	283.850
Jindal Cotex Ltd	4.480	4.200
KALECONSULT	957.900	943.300
KARUR VYSYA BANK	80.200	80.250
KOPRAN	36.250	36.400
KOTAKM	1173.400	1169.950
L&T	1412.700	1413.100
LICHSGFIN	458.250	458.450
LUPINCHEM	848.750	848.600
LYKALAB	31.950	32.050
M&M	782.700	782.600
MAHABANK	14.180	14.250
Mahindra Holidays	216.400	215.800
MARUTI	7332.150	7333.950
MAXIND	429.700	430.450
MCDOWEL	627.700	628.300
MELSTAR	0.000	1.750
MIDDAY	15.400	15.050
MRF	65804.200	66024.450
MROTECH	44.250	43.100
MTNL	13.560	13.550
MUKTAARTS	41.050	40.800
NAICHOLAS	2281.900	2286.550
NEYBELI	81.100	80.950
NHPC Ltd	26.050	26.000
NIIT	84.200	84.450
NTPC	149.350	149.150
OBC	87.250	87.200
Oil India Ltd (OIL)	202.400	202.800
ONGC	152.600	153.100
ONWARDTECI	54.700	54.400
ORCHIDCHEM	5.420	5.450
PANACEABIO	159.600	158.000
PENTSOFT	0.340	0.000
PETRONET	215.200	215.200
PFIZER	2820.500	2817.600
Pipavav Shipyard	13.470	13.450
PRYACEM	152.650	152.300
PTC	80.250	80.150
RAMCOSYS	311.050	313.550
RELCAP	241.200	241.400
RELIANCE	1138.650	1137.400
ROLTA	14.170	14.200
SAIL	62.350	62.400
SARIGAMA	572.000	571.050
SBI	283.050	283.450
SCI	44.450	44.350
SIEMENS	934.900	935.250
SKFBEAR	1858.800	1867.650
SMITHKLC	7157.450	7147.350
SSI	3.700	3.700
STROPTICAL	340.950	341.300
SUNPHARMA	525.500	525.450
SYNDIBANK	35.300	35.350
Tata Communications	531.450	531.000
TATACHEM	693.600	691.500
TATAELXSI	988.950	989.100
TATAPOWER	78.050	78.300
TATATEA	216.100	215.950
TCS	1877.750	1878.250
TELCO	183.300	183.750
THERMAX	983.100	982.350
THMCOOK	223.850	225.050
TISCO	563.500	563.300
TITANIND	915.350	915.450
TRIGYNTECH	88.800	89.050
UCOBANK	19.250	19.350
UNICHEMLAB	211.000	210.950
VESUVIUS	1108.250	1121.450
VOLTAS	547.050	547.000
WIPRO	321.700	321.300
ZEETELE	448.850	448.100
KERALA BASED		
APOLLOTYRE	225.250	225.300
AVTNPL	28.200	28.500
Cochin minerals	189.200	0.000
COCHINSHIP	381.050	380.100
Dhan bank	15.850	15.800
Eastern Treads	50.100	0.000
Fact	36.300	36.650
FEDERALBNK	79.700	80.000
GEOJIT	43.700	44.500
Gtn textiles	11.570	10.650
HARMALA	82.700	82.600
INDITRADE	46.000	0.000
Kera ayu	72.500	0.000
Kitex	110.850	111.200
Kse ltd.	2102.450	0.000
Manapuram	84.650	84.900
Muthoot capital	806.000	800.550
Muthootfin	452.200	453.050
Nitta gelatin	137.200	0.000
Patspin india	9.990	9.950
RUBFILA INTL [BSE]	45.050	0.000
SIB	14.340	14.300
Sree sakthi paper	6.610	0.000
Vertex	1.970	0.000
Vguard	193.400	193.050
WONDERLA	282.850	286.050

പൊതുമേഖലാ ഇ.ടി.എഫുമായി വീണ്ടും കേന്ദ്രസർക്കാർ

■ സമാഹരിക്കുക ₹14,000 കോടി

ന്യൂഡൽഹി: പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരി പങ്കാളിത്തം കുറച്ച് വരുമാനം മെച്ചപ്പെടുത്തുകയും ധനക്കമ്മി കുറയ്ക്കുകയും ലക്ഷ്യമിടുന്ന എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുമായി (ഇ.ടി.എഫ്) വീണ്ടും കേന്ദ്രസർക്കാർ. സെൻട്രൽ പബ്ലിക് സെക്ടർ എന്റർപ്രൈസസ് (സി.പി.എസ്.ഇ) ഇ.ടി.എഫിന്റെ നാലാംപതിപ്പ് അടുത്തവാരം കേന്ദ്രസർക്കാർ പുറത്തിറക്കും. 14,000 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യം.

സി.പി.എസ്.ഇ ഇ.ടി.എഫിന്റെ ആദ്യ മൂന്നു പതിപ്പിലൂടെ സർക്കാർ 11,500 കോടി രൂപ സമാഹരിച്ചിരുന്നു. 2014 മാർച്ചിലെ ഒന്നാംപതിപ്പിലൂടെ 3,000 കോടി രൂപയും 2017 ജനുവരിയിലെ രണ്ടാംപതിപ്പിലൂടെ 6,000 കോടി രൂപയും 2017 മാർച്ചിലെ മൂന്നാംപതിപ്പിലൂടെ 2,500 കോടി രൂപയുമാണ് ലഭിച്ചത്. ഇതിനുപുറമേ, ഈവർഷം ജൂണിൽ 22 കമ്പനികളുടെ ഓഹരികളുൾപ്പെടുത്തി അവതരിപ്പിച്ച ഭാരത് 22 ഇ.ടി.എഫിലൂടെ 8,400 കോടി രൂപയും സർക്കാർ നേടിയിരുന്നു.

മ്യൂച്വൽഫണ്ടുകളുടെ മാതൃകയിലാണ് സി.പി.എസ്.ഇ ഇ.ടി.എഫിന്റെ പ്രവർത്തനം. അടുത്തവാരം പുറത്തിറക്കുന്ന ഇ.ടി.എഫിന്റെ ഇഷ്യു വിലയിൽ 3.5 മുതൽ നാല് ശതമാനം വരെ ഡിസ്കൗണ്ട് നേടാൻ നിക്ഷേപകർക്ക് അവസരമുണ്ട്. എൻ.ടി.പി.സി ഉൾപ്പെടെ 11 കമ്പനികളുടെ ഓഹരികളാണ് പുതിയ ഇ.ടി.എഫിലുള്ളത്.

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	71.51	71.42
യൂറോ	81.77	81.67
പൗണ്ട്	91.93	92.82
സ്വിസ്ഫ്രാങ്ക്	72.05	71.94
സിംഗപ്പൂർ ഡോളർ	52.12	52.03
ആസ്ട്രേലിയ ഡോളർ	52.03	51.97
കനേഡിയൻ	54.25	54.16
ബഹ്റിൻ ദിനാർ	189.48	
കുവൈറ്റ് ദിനാർ	235.08	
ഒമാനി റിയാൽ	185.61	
സൗദി റിയാൽ	19.04	
യു. എ. ഇ. ദിർഹം	19.45	
ഖത്തർ റിയാൽ	19.62	

കമ്പോളനിലവാരം

കൊച്ചി	
വെളിച്ചെണ്ണ മില്ലിംഗ്	14,200
വെളിച്ചെണ്ണ	13,200
കൊപ്ര	8845-8950
പിണ്ണാക്ക് എക്സ്പെല്ലർ	2150
പിണ്ണാക്ക് റോട്ടറി	2900
കുരുമുളക്	
ചേറ്റാത്തത്	37,600
കുരുമുളക് പുതിയത്	36,100
കുരുമുളക് ചേറ്റിയത്	39,600
ചുക്ക് മിഡിയം	18,000-19000
ചുക്ക് ബെസ്റ്റ്	19,000-20,000
മഞ്ഞൾ	12,500
സ്പേല-ഈറോഡ്	9000-10,500
കാഞ്ഞിരക്കുരു	1850
അടയ്ക്കാ	
പുതിയത്	22,000-23,000
അടയ്ക്കാ പഴയത്	ഇല്ല
പഞ്ചസാര	3600
വറ്റൽമുളക്	10,700-14,000
ഉഴുന്ന്	6700-7300
ചെറുപയർ	6800-7300
കടല	4700-5200
മുതിര	4500
എള്ള്	9500
മല്ലി	5,300-9,500
പച്ചരി നമ്പർ-2	2900
പുഴുക്കലരി (ജയ)	3200
ജാതിക്കതൊണ്ടൻ	220-240
തൊണ്ടില്ലാത്തത്	450-460
ജാതിപത്രി	600-750
ഗ്രാമ്പൂ	750
പാംഓയിൽ	6400
പൈനാപ്പിൾ	
പച്ച	19.00
പഴം	16.00
റബർ	
ആർ.എസ്.എസ്4	11,900
ആർ.എസ്.എസ്-5	11,100-11,400
ഒട്ടുപാൽ	7800
ലാറ്റക്സ്	7900
കോട്ടയം	
ആർ.എസ്.എസ്4	116.50
ആർ.എസ്.എസ്5	111.00
തരംതിരിക്കാത്തത്	102.50
	103.00
ഒട്ടുപാൽ	72.50
റബർ ബോർഡ്	
ആർ.എസ്.എസ്4	12000
ആർ.എസ്.എസ്5	11450
തരംതിരിക്കാത്തത്	10900
ഒട്ടുപാൽ	8350
ബാങ്കോക്ക്	
ആർ.എസ്.എസ്1	9941
ആർ.എസ്.എസ്2	9810
ആർ.എസ്.എസ്3	9690
ആർ.എസ്.എസ്4	9625
ആർ.എസ്.എസ്5	9526
കോലാലമ്പൂർ (ബ്രാഞ്ച്റ്റിൽ ഡോളർ വില)	
എസ്.എം.ആർ 20	--
60% ലാറ്റക്സ്	--
വെളിച്ചെണ്ണ	169.00
കൊപ്ര	130.00
ശർക്കര (മറയൂർ)	70.00
ശർക്കര (പാണ്ടി)	50.00
കാപ്പി	134.00
കണ്ണൂർ	
കൊപ്രക്വിന്റൽ	8300
വെളിച്ചെണ്ണ	
ടിൻ	2440
കിലോ	166
ലിറ്റർ	156
പിണ്ണാക്ക് ക്വിന്റൽ	2300
തേങ്ങക്വിന്റൽ	2600
ആലപ്പുഴ	
വെളിച്ചെണ്ണ മില്ലിംഗ്	16,000
വെളിച്ചെണ്ണ	15,100
കൊപ്ര	10,100
"	10,150
"	10,200
തൃശ്ശൂർ	
വെളിച്ചെണ്ണ (മില്ലിംഗ്)	13900
തയ്യാർ	12900
കൊപ്ര	8850
തേങ്ങപിണ്ണാക്ക്	2200
നല്ലെണ്ണ	3400
കടലെണ്ണ	2300
എള്ളിൻപിണ്ണാക്ക്	3200
സ്വർണ്ണം	2890
വെള്ളി	420
അടയ്ക്കാ കൊക്കാല	
പഴയത്	4500-5000
രണ്ടാംതരം	1000-2500
അമ്പല	
പുതിയത്	4600-5205
പഴയത്	4600-5100
രണ്ടാംതരം	3000-3500
പഴഞ്ഞി	
പഴയത്	4500-5000
രണ്ടാംതരം	2500-3000
നെടുമങ്ങാട്	
റബർ	107 (കി.ഗ്രാം)
ഓട്ടുപാൽ	65(")
കൊട്ടഷാക്ക്	200(")
വരവുമേനി	150(")
കുരുമുളക്	350(")
കുരുമുളക് (പച്ച)	90(")
ജാതിക്ക	180(")
പരിപ്പ്	380(")
ജാതിപത്രി	600(")
തേങ്ങ	34(")
കൊക്കോ	10(")
കാപ്പി	100(")
ഗ്രാമ്പൂ	500(")
സ്വർണം	
കൊച്ചി(8ഗ്രാം)	22,920
ഒരുഗ്രാം	2865
വെള്ളി	
തിരുവനന്തപുരം	44,440
കൊച്ചി	44,440

ശാസ്ത്രകൗമുദി

വെണ്ടയ്ക്കയിൽ നിന്ന് ആരോഗ്യപാനീയം

വെണ്ടയ്ക്കയുടെ ആരോഗ്യഗുണങ്ങളെക്കുറിച്ച് നമ്മിൽ പലർക്കും അറിയാം . എന്നാൽ വെണ്ടയ്ക്ക ഇട്ടുവച്ച വെള്ളത്തിന്റെ ഔഷധമൂല്യം ഇതിനുമപ്പുറമാണ്. വെണ്ടയ്ക്ക കഴുകി വൃത്തിയാക്കി രണ്ടറ്റവും മുറിച്ച് നടുവിലൂടെ നീളത്തിൽ കീറി ഒരു ഗ്ലാസ് വെള്ളത്തിലിട്ടു വയ്ക്കുക. പിറ്റേന്ന് രാവിലെ വെണ്ടയ്ക്ക ഇതേ വെള്ളത്തിലേക്കു പിഴിഞ്ഞെഴിച്ച് വെള്ളം കുടിയ്ക്കാം. വെറുംവയറ്റിൽ രാവിലെ കുടിയ്ക്കുന്ന ഈ വെള്ളം രോഗസംഹാരിയും ആരോഗ്യദായകവുമാണ്.

രക്തത്തിലെ ഹീമോഗ്ലോബിൻ തോതുയർത്തുകയും വിളർച്ച തടയുകയും ചെയ്യും. രക്തത്തിലെഗ്ലൂക്കോസ് തോത് കുറയ്ക്കുന്നതിനാൽ പ്രമേഹരോഗികൾക്ക്ഉത്തമം. കൊളസ്ട്രോൾ കുറയ്ക്കുന്നതിന് പുറമെ രക്തധമനികളിലെകൊഴുപ്പ്നീക്കം ചെയ്യും. ആന്റിബാക്ടീരിയൽ ഗുണങ്ങളുണ്ട്. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കും. ചൂട്, ജലദോഷം, ആസ്ത്മ, അലർജി എന്നിവ ശമിപ്പിക്കും. അസ്ഥിതേയ്മാനത്തെ പ്രതിരോധിക്കും വാതരോഗങ്ങളെ ശമിപ്പിക്കും. ധാരാളം ഫോളേറ്റ് അടങ്ങിയിട്ടുള്ളതിനാൽ ഗർഭിണികൾക്കുള്ള ആരോഗ്യപാനീയമാണിത്. ചർമസൗന്ദര്യം മെച്ചപ്പെടുത്തും.

കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്
6.26 am, pm ദൈവദശകം
7.00 ജിസസ് ഈസ് എ ലൈവ്
7.30 പ്രണവം
8.00 സ്നേക് മാസ്റ്റർ
8.30 ന്യൂസ് ട്രാക്ക്
9.00 ഡേവിഡ് എസ്റ്റാർ
10.00 ജി.ഐ.ടി.ഡി
10.35 ഡ്രീം ഡ്രൈവ്
11.35 സാൾട്ട് ആൻഡ് പെപ്പർ
12.35 താരപ്പകിട്ട്
1.35 ലേഡീസ് അവർ
2.35 ഹാസ്യരസം
3.00 കേരളലോട്ടറി ഫലം ലൈവ്
4.35 പുതിയപാട്ട്
5.35 സ്വയംവരം
6.35 ദേവാമൃതം
7.35 സാൾട്ട് ആൻഡ് പെപ്പർ
8.35 താരപ്പകിട്ട്
10.00 ഹാസ്യരസം

ഡിഡി മലയാളം

7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം

11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാന ശ്യാമ സന്ധ്യ

ഏഷ്യാനെറ്റ്

6.45 പാഥേയം
7.00 സീതാകല്യാണം
7.30 ഭാര്യ
8.00 നീലക്കുയിൽ
8.30 കസ്തൂരിമാൻ
12.00 ടേസ്റ്റ് ടൈം

ന്യൂസ്

8.00 വാർത്താ പ്രഭാതം
8.30 ചുറ്റുവട്ടം
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്

7.30 പാട്ടുപെട്ടി
8.00 ചിരിക്കും തളിക
8.30 ഫിലിമി തമാശ
9.00 പാട്ടുപെട്ടി

ANIMAL PLANET

07:00 am Too Cute
8.00 Animal Cops Phoenix
10.00 My Cat from Hell
11.00 The vet life
12.00 Dr Jeff Rocky Mountain Vet
1.00 P